ലിറ്റിൽ കൈറ്റ്സ്

2019-2020



# ദ്യുതി

## 2019-2020

ST.JOHN DE BRITTO'S A I H SCHOOL,FORT KOCHI

# ഡിജിറ്റൽ മാഗസിൻ

## ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം

### സെന്റ് ജോൺ ഡി ബ്രിട്ടോ ആംഗ്ലോ ഇന്ത്യൻ ഹൈസ്കൂൾ ,ഫോർട്ടുകൊച്ചി

## എഡിറ്റോറിയൽ

ദ്യുതി തൻ താളുകൾ ,

പുതുനാമ്പിൻ സർഗ്ഗാത്മക വൈഭവത്തിൻ

നേർക്കാഴ്ചകൾ............. താളുകൾ

മറിയുമ്പോൾ ഭാവന തൻ വിഹായസ്സിൽ

പറക്കാനുതകും സൃഷ്ടികൾ............

അറിവിൻ നികേതനത്തിലെ അനുഭവങ്ങൾ

വിജ്ഞാനദായകമാം സൃഷ്ടികൾ........

വളരെ മനോഹരമാം വരികളിലൂടെ

മുദ്രിതമാക്കിയ ഡിജിറ്റൽ മാസിക..........

"ദ്യുതി"...വർണച്ചിറകുള്ള പട്ടങ്ങളായ്

നീലവിഹായസ്സിൽ പാറികളിക്കട്ടെ..........

# ആശംസയോടെ

സർഗ്ഗാത്മകമായ നാമ്പുകൾ മുളപൊട്ടുന്നത് വിദ്യാലയ ജീവിതത്തിലാണ്. കുപ്പയിൽ മാണിക്യമെന്നപോലെ, ഉലയിൽസ്വർണമെന്നപോലെ, പലരിലും മയങ്ങിക്കിടക്കുന്ന പ്രതിഭാ ശേഷി ആവിഷ്കരിക്കുവാനുള്ള ഉത്തമ വേദി തന്നെയാണ് കൂട്ടായ്മയുടെ സൃഷ്ടിയായ മാസികകൾ. ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാസിക തയ്യാറാക്കാനുള്ള അവസരം കുട്ടികൾക്ക് ലഭിച്ചത് എന്തുകൊണ്ടും ശ്ലാഘനീയം തന്നെയാണ്. ഏറെ യാതനകൾ സഹിച്ചും പരിമിതികൾ മറികടന്നും രൂപികൃതമായ "ദ്യുതിയുടെ" അണിയറശില്പികൾക്ക് അഭിനന്ദനങ്ങൾ...... നിങ്ങൾ കൊളുത്തിയ

കെടാവിളക്ക്

സർഗാത്മകതയുടെ

പുത്തൻനാമ്പുകൾക്ക്

മാർഗ്ഗദീപമാവട്ടെ....



ഷേർളി ആഞ്ചലോസ്

ഹെഡ്മിസ്ട്രസ്സ്

# ആശംസ

വിവരസാങ്കേതികവിദ്യയുടെ
പുതുനാമ്പുകൾ അറിവിന്റെ വാതായനങ്ങൾ
തുറന്ന് പ്രകാശം പരത്തട്ടെ..........
മുന്നോട്ടുള്ള പ്രയാണത്തിന് നേടിയ
അറിവുകൾ മാർഗ്ഗദീപങ്ങളാകട്ടെ...........

എല്ലാ ഭാവുകങ്ങളും ...നന്മകളും
നേർന്നുകൊണ്ട്

ആശംസയോടെ.........



സിസീലിയ ജോസഫ്

ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്

# EDITORIAL BOARD

## ***CHIEF EDITORS***





**HEAVIN GEORGE**

**ABDUL AHADH**







**ALI EHLAS**

**MOHAMMED SHASIN**

**EMMANUEL CHRISTY**

# താളുകൾ മറിയുമ്പോൾ

ഭൂമിസേനനും രാക്ഷസനും....8
പ്രകൃതി സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്....9
മാമ്പഴം....10
കാട്ടാടും മുന്തിരിക്കാടും....11
പഴഞ്ചൊല്ലുകൾ....12
ചക്രവാളം....13
കമ്പ്യൂട്ടർ - ബന്ധപ്പെട്ട ചില സംക്ഷിതരൂപങ്ങൾ....14
മഴ....16
മഹാകാവ്യങ്ങൾ....17
പട്ടം....18
ഉണ്ണി കണ്ട മഴവില്ല്....19
കുസൃതി ചോദ്യങ്ങൾ....21
ഇല്ലിക്കൽ കല്ല്....22
കുഞ്ഞിതത്ത....23
ആട്ടക്കഥ....24
ഞാൻ ഓർക്കുന്നു....25
പട്ടണങ്ങളും സ്ഥാപകരും....26
മൂന്നാർ....27
കാത്തിരിപ്പ്....28
ചൂണ്ടക്കാരനും മൽസ്യവും....29
കടങ്കഥകൾ....30
അദ്ധ്യാപിക....31
നാം മാറേണ്ടിയിരിക്കുന്നു....32
അമ്മ....33
SOLOMON’S WISDOM....35
My Precious Gift....36
Eravikulam National Park....37
Protect The Nature....38

# ഭൂമിസേനനും രാക്ഷസനും

പാണ്ഡവന്മാരുടെ വനവാസകാലത്ത് കാട്ടിൽ ഒരു രാക്ഷസനുണ്ടായിരുന്നു. ബകൻ എന്നാണവന്റെ പേര്. ഒരു വണ്ടി ചോറുമായി ഒരാൾ ദിവസവും അവന്റെ മുന്നിൽ ചെല്ലണം.രാക്ഷസൻ ആ ചോറും ആളെയും തിന്നും.

ഒരു ദിവസം പാണ്ഡവന്മാരിൽ കരുത്തനായ ഭീമസേനൻ ഒരു വീട്ടിലെ അമ്മയുടെ കരച്ചിൽ കേട്ട് അവിടെ ചെന്ന് വിവരം അന്വേഷിച്ചു. തന്റെ ഏകമകനെ ബകന് ഭക്ഷണമാക്കി കൈവിടണമല്ലോ എന്നതോർത്താണ് ആ അമ്മ കരഞ്ഞത്. "അമ്മേ,അമ്മ വിഷമിക്കേണ്ട.അമ്മയുടെ മകന് പകരം ഞാൻ രാക്ഷസന്റെ അടുത്ത് പോകാം,"ഭീമൻ പറഞ്ഞു.



പിറ്റേന്ന് സമയമയപ്പോൾ ഭീമൻ ഒരു വണ്ടി ചോറുമായി ബകന്റെ വാസസ്ഥലത്തേക്ക് പുറപ്പെട്ടു. ചോറെല്ലാം ഭീമൻവയറ്റിലാക്കിക്കൊണ്ടിരുന്നു. അതുകണ്ട് ബകൻ കോപിച്ച് ഓടിയെത്തി ഭീമനെ അക്രമിക്കാൻ ഒരുങ്ങി. പക്ഷെ ഭീമൻ വൻമരങ്ങൾ പിഴുതെടുത്ത് ആ ഭീകരരാക്ഷസനെ അടിക്കാൻ തുടങ്ങി.അടികൊണ്ടപ്പോൾ ബകൻ തലതല്ലി താഴെ വീണു.ശക്തനായ ഭീമൻ ആ ക്രൂരനായ രാക്ഷസനെ നിഷ്പ്രയാസം കൊന്നു.

അതോടെ ജനങ്ങൾക്ക് ഭയംകൂടാതെ ജീവിക്കാമെന്ന സ്ഥിതിയുണ്ടായി. ഭീമന്റെ ധൈര്യത്തേയും ത്യാഗത്തെയും എല്ലാവരും പുകഴ്ത്തി.

KENNES EDWIN
IX D

# പ്രകൃതി സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്ക്



പ്രകൃതിയിലാണ് മനുഷ്യജീവന്റെ ആരോഗ്യവും നിലനിൽപ്പും പൂർണ്ണമാക്കുന്നത്. വിദ്യാർത്ഥികൾ പ്രകൃതിസംരക്ഷണത്തിന്റെ ഒരു ഭാഗമാകേണ്ടതാണ്.അവർ വളർന്നു വരുന്ന യുവതലമുറയാണ്. നമ്മുടെ പ്രകൃതി നമുക്ക് മാത്രമുള്ളതല്ല,അത് ഇനി വരാൻ പോകുന്ന തലമുറകൾക്കും ആവശ്യമുള്ളതാണ്.

നാം നമ്മുടെ പ്രകൃതിയെ സംരക്ഷിക്കണം. അത് നമ്മുടെ നിലനിർപ്പിനും വളർന്നു വരുന്ന തലമുറകളുടെ  നിലനിൽപ്പിനും ഒരുപാട് ഗുണം ചെയ്യും. മനുഷ്യനൾപ്പടെ എല്ലാ ജീവജാലങ്ങളുടെയും മുന്നിൽ നിത്യമായി നിലനിൽക്കുന്ന ഒന്നാണ് പ്രകൃതി. ഇന്ന് ആ പ്രകൃതി നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. മരങ്ങൾ നഷ്ടപ്പെട്ടാൽ മനുഷ്യന്റെ ജീവൻ തകർന്നു പോകും. പ്രകൃതിയിൽ നിന്നും നമുക്ക് വിഭവങ്ങൾ ലഭിക്കും. അത് നമ്മുടെ ജീവൻ നിലനിർത്താൻ സഹായിക്കും. വിദ്യാർത്ഥികൾ ഇന്ന് നമ്മുടെ പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. അവർ കൊണ്ടുവരുന്ന പുത്തൻ ആശയങ്ങൾ  പ്രകൃതിയെ സ്നേഹിക്കാൻ നമുക്ക് കാരണമാകുന്നു.

പ്ലാസ്റ്റിക്ക് കൊണ്ടുണ്ടാകുന്ന വിപത്തുകളെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തിയപ്പോൾ അവർ അതിന്റെ ഉപയോഗം നിർത്തുവാൻ തുടങ്ങി.



പണ്ട് നമ്മുടെ ഭൂമി വൃക്ഷങ്ങളും മൃഗങ്ങളും കൊണ്ട് നിറഞ്ഞതായിരുന്നു.മനുഷ്യന്റെ ഓരോ പ്രവർത്തികൾ കാരണം ഇതെല്ലാം നശിച്ചു. വിദ്യാർത്ഥികൾ പ്രകൃതിയെ സംരക്ഷിക്കണം എന്ന ചിന്ത വളർത്തി നമ്മുടെ ഭൂമിയെ പൂർവ സ്ഥിതിയിലെത്തിക്കണം. വിദ്യാർത്ഥികളുടെ ഓരോ പ്രവർത്തനങ്ങളും പ്രക്രുതിസംരക്ഷണത്തിനായ് നാം പ്രോത്സാഹിപ്പിക്കണം.

NUHMAN .S
X D

# മാമ്പഴം



കാറ്റൊന്ന് വീശീട്ടും
ചില്ലയുലഞ്ഞീട്ടും
കൽകണ്ടമാമ്പഴംവീണില്ല
തത്തകൾ കൊത്തീട്ടും
ആണ്ണാൻ കടിച്ചിട്ടും
ചക്കര മാമ്പഴം വീണില്ല
തോട്ട്യേണ്ടടിച്ചിട്ടും
കേറികുലുക്കീട്ടും
കൽക്കണ്ടമാമ്പഴം വീണില്ല
എത്തിപ്പിടിച്ചീട്ടും
കല്ല്യോണ്ടെറിഞ്ഞീട്ടും
ചക്കര മാമ്പഴം വീണില്ല
ഞെട്ടുറപ്പുള്ളൊരു
കൽക്കണ്ടമാമ്പഴം
വീഴാൻ ഇനി എന്തു ചെയ്യും
ഏട്ടനെ ഉന്തീട്ട്
തള്ളികയറ്റീട്ട്
ഞെട്ടൊന്ന് പൊട്ടിക്കാൻ
കൽപ്പിക്കണോ?

SAMEER ABDUL BASHEER
IX C

# കാട്ടാടും മുന്തിരിക്കാടും

മലയോരത്ത് ഒരു കാട്ടാട് വസിച്ചിരുന്നു.ഒരു ദിവസം അവൻ പുല്ലും പച്ചിലകളും തിന്നു നടക്കുമ്പോൾ നായാട്ടുകാരൻ ആ വഴി വന്നു.കാട്ടാടിനെ കണ്ട നായാട്ടുകാരൻ അമ്പെടുത്ത് വില്ലിൽ തൊടുത്തു.

സമർത്ഥനായ കാട്ടാട് അതിവേഗം ഓടി.വേട്ടക്കാരൻ പിന്നാലെ ഉന്നം പിടിച്ച് നടക്കാൻ തുടങ്ങി. കാട്ടാട് മുന്തിരിവള്ളികൾ നിറഞ്ഞ ഒരു കുറ്റിക്കാട്ടിൽ ഒളിച്ചു. ശ്വാസം പോലും വിടാതെ കാട്ടാട് അവിടെ നിന്നു.

വേടൻ മുന്തിരിക്കാടിനടുത്തുകൂടെ കുറെ വഴി മുന്നോട്ട് പോയി തിരിച്ചുപോന്നു.



കാട്ടാട് അപ്പോഴും അവിടെ അനങ്ങാതെ നിന്നു.വേടൻ തന്നെ കാണുന്നില്ലെന്ന് മനസ്സിലാക്കിയ കാട്ടാട് താൻ മറഞ്ഞുനിന്നിരുന്ന മുന്തിരിപ്പടർപ്പിലെ ഇലകൾ ഓരോന്നായി തിന്നാൻ തുടങ്ങി. മുന്തിരിയിലകൾ കടിച്ചുവലിച്ചതോടെ മുന്തിരിക്കാട് ആകെ ഒന്നിളകി.വേടൻ തിരിഞ്ഞുനോക്കി. അതാ,മുന്തിരിവള്ളികൾ ഇളകുന്നു. അനക്കം കേട്ട ദിക്ക് ലക്ഷ്യമാക്കി വേടൻ ഒരു അമ്പ് തൊടുത്തുവിട്ടു. അമ്പ് ആടിന്റെ കഴുത്തിൽതന്നെ ചെന്നു തറച്ചു.

കാട്ടാട് നിലത്തുവീണ് കൈകാലുകളടിച്ച് അന്ത്യശ്വാസം വലിച്ചു. തനിക്ക് അഭയം തന്ന മുന്തിരിച്ചെടികളെ തിന്നതുകൊണ്ടാണ് ആടിന് ഈ ദുരന്തം വന്നത്.

STERIN REJU XAVER
IX D

# പഴഞ്ചൊല്ലുകൾ

1.ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും

2.അക്കരെ നിന്നാൽ ഇക്കരെ പച്ച

3.കാക്ക കുളിച്ചാൽ കൊക്കാവില്ല

4.പല തുള്ളി പെരുവെള്ളം

5.ഗതി കെട്ടാൽ പുലി പുല്ലും തിന്നും

6.പയ്യെ തിന്നാൽ പനയും തിന്നാം

7.മടിയൻ മല ചുമക്കും

8.താൻ പാതി ദൈവം പാതി

9.തീയില്ലാതെ പുകയുണ്ടാവില്ല

10.അകത്തിട്ടാൽ പുറത്തറിയാം



CALVIN XAVIER

II B

# ചക്രവാളം



ഇന്നിതാ കണ്ടു ഞാൻ തേടിയ വഴി
എത്രയോ സുന്ദരം , എത്രയോ മോഹനം
അന്നെന്റെ മനസ്സിൽ ഇന്നിതാ മുന്നിൽ

എന്തൊരു കമ്പിതം,എന്തൊരു കൗതുകം.
ഇത്രമേൽ ഉണരാൻ എൻ ഉണ്ണിക്കിതെന്തുപറ്റി?
ഏതു വഴിയെ പറ്റി നീ ഇന്നീ ചൊല്ലുന്നു?

അന്നൊരുനാൾ അമ്മയെന്നോട് ചൊല്ലിലേ
ചക്രവാളം എന്ന മഹാപാലം
അന്നതൊരു കൗതുകം,ഇന്നിതാ സത്യം
എത്രയേ സുന്ദരം,എത്രയോ മോഹനം....

എന്താ ഉണ്ണി നി ഈ ചൊല്ലുന്നേ,
ചക്രവാളം സങ്കൽപ്പം മാത്രം ഉണ്ണീ,
മായാപാലം എന്ന ആ കൗതുകം
നിന്നെ ഉണർത്താൻ ചൊല്ലിയ കഥയെന്നുണ്ണി....

എങ്കിലും കണ്ടു ഞാൻ ആ പാലത്തെ,
എന്നാൽ അരികിലേക്കെത്താതെ മാഞ്ഞുപോയി.

ഒരു നാൾ വരും ആലസിക്കുന്ന പാലം
അന്നു ഞാൻ ആ പാലം കടന്നിരിക്കും........


MUHAMMED SHASIN
X D

# കമ്പ്യൂട്ടർ - ബന്ധപ്പെട്ട ചില സംക്ഷിതരൂപങ്ങൾ

ALU - ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

BBS - ബുള്ളറ്റിൻ ബോർഡ് സിസ്റ്റം

CAD - കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈനിംഗ്



DPI - ഡോട്ട്സ് പെർ ഇൻച്

EGA - എൻഹാൻസ് ഗ്രാഫിക്സ്

FORTRAN - ഫോർമുല ട്രാൻസലേഷൻ

HGA - ഹേർക്കുലീസ് ഗ്രാഫിക്സ്

IBM - ഇന്റർനാഷണൽ ബിസിനസ്സ് മേഷീൻസ്

KB - കിലോ ബൈറ്റ്

LISP - ലിസ്റ്റ് പൊസ്സസ്സിംഗ്

MCA - മാസ്റ്റർ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ

OS - ഓപ്പറേറ്റിംഗ് സിസ്റ്റം

PC - പേഴ്സണൽ കമ്പ്യൂട്ടർ

RAM - റാൻഡം ആക്സെസ് മെമ്മറി

SAD - സിസ്റ്റം അനാലിസിസ് ആൻഡ് ഡിസൈൻ

UNIVAL - യൂണിവേഴ്സൽ ആട്ടോമാറ്റിക്ക് കമ്പ്യൂട്ടർ

VSS - വെർച്ചൽ സ്റ്റോറേജ് സിസ്റ്റം

WADS - വൈഡ് ഏരിയാ ഡാറ്റാ സർവ്വീസ്

XPS - എക്സ്റ്റൻന്റ് അസംബ്ലി ലാംഗ്വേജ് കോഡിംഗ്

YACC - യെറ്റ് അനദർ കംബയലർ കംബയലർ

ZWI - സീറോ വേർഡ് കൗണ്ട്



ALI EHLAS
IX B

# മഴ



മഴ മഴ മഴ മഴ വന്നു

മാനത്തന്നൊരു മഴ വന്നു

മലയുടെ മുകളിൻ തങ്ങാതെ

മാളിക മുകളിൽ തങ്ങാതെ



മഴ മഴ മഴ മഴ വന്നു

മാനത്ത്  നിന്നൊരു മഴ വന്നു

മിഴികൾക്കുത്സവമായ് മഴ മാറി.


MOHAMMED RIFAS

II B

# മഹാകാവ്യങ്ങൾ

സാഹിത്യജനസ്സുകളിൽ ഏറ്റവും പഴക്കമാവശ്യപ്പെടാവുന്ന ഒന്നാണ് മഹാകാവ്യം. ഇതിഹാസങ്ങളെ മഹാകാവ്യങ്ങളായി എണ്ണാം. സംസ്കൃതത്തിന്റെ കാവ്യം എന്നാണ് സാഹിത്യത്തെ പൊതുവിൽ വ്യവഹരിക്കാറ്.

കാളിദാസന്റെ രഘുവംശം,കുമാരസംഭവം,മാഘന്റെ ശിശുപാലവധം, ശ്രീഹർഷന്റെ നൈശധീയചരിതം എന്നിവ സംസ്കൃതത്തിലെ പഞ്ചകാവ്യങ്ങൾ എന്നറിയപ്പെടുന്നു. മലയാളത്തിൽ ഈ പ്രസ്ഥാനമുണ്ടായത് സംസ്കൃതത്തിന്റെ ചുവടുപിടിച്ചാണ്.




അഴകത്ത് പത്മനാഭക്കുറുപ്പ് (1869-1932) മലയാളസാഹിത്യചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയത് ലക്ഷണമൊത്ത ആദ്യമഹാകാവ്യം രചിച്ചുകൊണ്ടാണ്. പന്തളം കേരളവർമ്മയുടെ രുഗ്മാംഗദചരി(1913), വിജയോദയം എന്നിവ പിന്നീട് പുറത്തുവന്നു. സംസ്കൃതമഹാകാവ്യങ്ങളെഴുതിയിരുന്ന കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ പാണ്ഡവോദയം, വഞ്ചീശവംശം,സാവിത്രീമാഹാത്മ്യം എന്നീ മലയാളമഹാകാവ്യങ്ങൾ കൂടി രചിച്ചു.

MOHAMOD IMTHIYAS

XD

# പട്ടം

നല്ല വണ്ണവും പൊക്കവുമുള്ള ഒരു കുട്ടി പട്ടം പറത്തുകയായിരുന്നു.പെട്ടെന്നു പട്ടമൊരു മരത്തിന്റെ അറ്റത്തെ കൊമ്പിൽ തങ്ങി.ഒരു കരടിക്കുട്ടി ആ മരത്തിന്റെ മുകളിൽ ഇരിക്കുന്നുണ്ടായിരുന്നു.കുട്ടി ആ കരടിക്കുട്ടിയോട് പറഞ്ഞു:"ആ പട്ടമൊന്ന് താഴെയിട്ടുതരു".കരടിക്കുട്ടിക്കുമനുഷ്യരുടെ ഭാഷ അറിയില്ലല്ലോ.അവൻ കുട്ടിയുടെ നേരെ മിഴിച്ചു നോക്കികൊണ്ട് ഇളിച്ചു കാട്ടി."നീ എടുത്തു തരുന്നില്ലെങ്കിൽ വേണ്ട.ഞാൻ തന്നെ കേറിയെടുക്കാം".കുട്ടി വിളിച്ചു പറഞ്ഞുകൊണ്ട് മരത്തിലേക്ക് കയറാൻ തുടങ്ങി.ഒരു മനുഷ്യക്കുട്ടി താൻ ഇരിക്കുന്ന മരത്തിലേക്ക് കയറിവരുന്നത് കരടിക്കുട്ടിക്ക് ഇഷ്ടപ്പെട്ടില്ല. അതിനാൽ അവൻ കുട്ടിയെ പേടിപ്പിച്ച് താഴെയിറക്കാൻ മുരണ്ടുകൊണ്ടിരുന്നു. എന്നിട്ടും കുട്ടി വരികയാണ് എന്ന് കണ്ട കൂടുതൽ ഉച്ചത്തിൽ മുരളുകയും കൂടുതൽ വേഗം മുകളിലേക്ക് കയറുകയും ചെയ്തുകൊണ്ടിരുന്നു.അങ്ങനെ കയറികയറി മനുഷ്യക്കുട്ടിയുടെയും കരടിക്കുട്ടിയുടെയും താഴേക്കുള്ള വീഴ്ചയും ഒരുമിച്ചായിരുന്നു. കരടിക്കുട്ടി വീണത് കാൽതെറ്റിയല്ല.കുട്ടി വീണത് പിടിവിട്ടുമല്ലാ.അവരുടെ ഭാരം താങ്ങാൻകഴിയാതെ മരക്കൊമ്പൊടിഞ്ഞ് വീണതാണ്. അതിനുശേഷം പട്ടം കാറ്റിന്റെ വേഗതയിൽ നിലത്തുവീഴുകയും കരടി ഒരു ഭാഗത്തേക്ക് ഓടിമറയുകയും ചെയ്തു. കുട്ടി വീട്ടിൽ പോയി അമ്മയോട് കാര്യങ്ങൾ പറഞ്ഞു. അപ്പോൾ അമ്മ പറഞ്ഞു"ആ കരടി നിന്നെ പിടിച്ച് തിന്നാതിരുന്നത് ഭാഗ്യം!".



AFREETH K.H

IX D

# ഉണ്ണി കണ്ട  മഴവില്ല്

ആകാശമാകെ കറുത്തു തുടങ്ങി
സൂര്യ പ്രകാശം കുറഞ്ഞു തുടങ്ങി
തണുത്ത കാറ്റ് വീശി തുടങ്ങിയിതാ
വൃക്ഷങ്ങളാകെ ആടിയുലഞ്ഞിതാ

കണ്ണീര്  പോലെ മഴ തുള്ളിയായ് പെയ്താദ്യം
സമയം കൂടുന്തോറും ശക്തമായി
കുറയേറെ നേരം തുടർന്നു പെയ്തിതാ
പിന്നെ മഴയൊന്ന് ചോർന്ന് തുടങ്ങിതാ



മഴയാകെ മാറി പ്രകാശം പരന്നിതാ
നീല നിറത്തിലാകാശം തുടങ്ങിതാ
തണുത്ത കാറ്റ് നിന്ന് തുടങ്ങിയപ്പൊ
ആടുന്ന വൃക്ഷങ്ങൾ ആടാതെ നിന്നിതാ

മഴയാകെ മാറിയല്ലോ മഴവില്ല്  വന്നല്ലോ
കളിക്കാനിറങ്ങിയെൻ പൊന്നുണ്ണി
മേലോട്ട് നോക്കിയുണ്ണി കണ്ടതോ അത്ഭുതം
ഏഴ് വർണ്ണങ്ങളുള്ള മായാജാലം

ഓടിയായുണ്ണി വീട്ടിൽ കയറിതൻ
അമ്മയുമായി പുറത്തേക്ക് വന്നിതാ
മോലോട്ട് ചൂണ്ടിയ വർണ്ണത്തെക്കാണിച്ച
ചോദ്യം തുടങ്ങിയാ പൊന്നുണ്ണി

എന്താണമ്മേയത് മായാജാലമാണോ
തോന്നിയതാണോ അതോ ചിത്രമാണോ
പറഞ്ഞുതാ അമ്മേ പറഞ്ഞുതാ അമ്മേ
കേൾക്കാൻ കൊതിയായിട്ടാണ് പൊന്നമ്മേ

മഴവില്ലാണണ്ണിയത് അത്ഭുതമാണത്

മായാജാലമല്ല വർണ്ണങ്ങളാണത്
ഏഴ് നിറമുള്ള അത്ഭുതമാണത്

മഴവില്ലോ വർണ്ണമോ അത്ഭുതമോ അത്
തോട്ടു നോക്കുവാനാകുമോ അമ്മേയത്

മഴവില്ലാണുണ്ണിയത് മഴവില്ലാണുണ്ണിയത്
ആർക്കും തൊട്ടുവാൻ കഴിയില്ലെൻ മോനെ
മഴവില്ല് മാഞ്ഞ് പോകും മോനെ മാഞ്ഞ് പോകും
മായാജാലം പോലെ മാഞ്ഞ് പോകും



MOHAMMED HAKEEEM
IX C

# കുസൃതി ചോദ്യങ്ങൾ

| | | |
|---|---|---|
| ദൈവം തന്ന വരം | - | വിവരം |
| കണ്ടെത്തുന്ന കവർ | - | ഡിസ്കവർ |
| സംസാരിച്ചാൽ പൊട്ടുന്ന ലെൻസ് | - | സൈലൻസ് |
| ആർക്കും ഇഷ്ട്ടമില്ലാത്ത ദേശം | - | ഉപദേശം |
| എറ്റവും ചെറിയ ഡ്രൈവർ | - | സക്രൂ ഡ്രൈവർ |
| ജീവനുള്ള പാത്രം | - | കഥാപാത്രം |
| നടക്കാൻ കഴിവുള്ള പനയേത് | - | കൽപന |
| ഗാന്ധിജി കാണാത്ത ഇന്ത്യ | - | ലേബർ ഇന്ത്യ |
| പൂമൊട്ടുള്ള ജെറ്റ് ഏത് | - | ബഡ്ജറ്റ് |

FEJO FRANCIS

IX A

# ഇല്ലിക്കൽ കല്ല്



വാഗമണ്ണിലെ ചുറ്റിയടിക്കലിനു ശേഷം ഞങ്ങൾ ഇല്ലികൽ കല്ലിലേക്ക് യാത്രതിരിച്ചു.കോട്ടയം ജില്ലയിലെ ഏറ്റവും ഉയരം കൂടിയതും,കേരളത്തിൽ ഒൻപതാം സ്ഥാനത്തുമാണ് ഇത്. ഇത് 1,830 മീറ്റർ ഉയരത്തിലാണ് .

ഈ മലയുടെ കുറച്ചു മുകളിലേക്ക് ജീപ്പിൽ പോകേണ്ടിവന്നു. വൈകുന്നേരങ്ങളിൽ മൂടൽമഞ്ഞാൽ ചുറ്റപ്പെട്ടിരിക്കും.ഞങ്ങൾ ഒരു 6 മണി കഴിഞ്ഞപ്പോഴാണ് കയറിയത്. അവിടെ കോടമഞ്ഞുകൊണ്ട് മൂടിയിരിക്കുകയായിയുരുന്നു. മൂടൽമഞ്ഞ് കാരണം ദൂരെയുള്ളതൊന്നും കാണാൻ കഴിഞ്ഞില്ല. ഇരുവശങ്ങളിലും കൊക്ക. വളരെ ഭയപ്പെടുത്തുന്നതായിരുന്നുവെങ്കിലും സുന്ദരമായ കാഴ്ച്ചയായിരുന്നു അത്. അതിന്റെ അറ്റത്ത് നാഗരൂപത്തിലുള്ള ഒരു പാറയുണ്ട് ,അതിനെബന്ധിപ്പിക്കുന്ന ഒരു പാലമുണ്ട് അരമീറ്റർ വീതിയുള്ള




പാലം.അതിലൂടെ ആരയും കടത്തിവിടുന്നില്ല. ആ വഴയിലൂടെ പോയത് മൂലം കുറേ അപകടങ്ങൾ സംഭവിചതുകൊണ്ടാണ് കടത്തിവിടാഞ്ഞത്. മഞ്ഞ്കാരണം നാഗപാറയെ കാണുവാൻ സാധിച്ചില്ല. ഉയരക്കൂടുതൽ കാരണം ശ്വസം കിട്ടാൻ ബുദ്ധമുട്ടുണ്ടായിരുന്നു.നല്ല കാറ്റും, മൂടൽമഞ്ഞുമുള്ള നല്ല സ്ഥലമാണ് ഇല്ലിക്കൽ കല്ല്.

HEAVIN GEORGE

IX A

# കുഞ്ഞിതത്ത



അത്തിമരത്തിന്റെ പൊത്തിലെ തത്തമ്മ
അത്തം നളൊന്നിൽ മുട്ടയിട്ടു
അത്തം പത്തിനു മുട്ട വിരിഞ്ഞപ്പോൾ
തത്തമ്മക്കൂട്ടിൽ കുഞ്ഞിതത്ത



അമ്മ പൊന്നുണ്ണിക്കൊരു  ഊഞ്ഞാലിട്ടു
അതിലിരിന്നാടുന്നു കുഞ്ഞിതത്ത
ചാഞ്ചക്കം ചാഞ്ചാടി പൊന്നുണ്ണി
ചന്തത്തിൽ പാടുന്നു തത്തമ്മ

FEIVEL MATHEW

I B

# ആട്ടക്കഥ



കഥകളിയെന്ന നൃത്യരൂപത്തിനാധരമായ സാഹിത്യമാണ് ആട്ടക്കഥ. കൃഷ്ണനാട്ടം,രാമനാട്ടം എന്നീ പ്രാചീന രംഗകലകളിൽനിന്ന് പരിഷ്കരിക്കപ്പെട്ടാണ് കഥകളി ഉരുതിരിഞ്ഞ് വന്നത്. പതിനെട്ടാം നൂറ്റാണ്ടിൽ പുറത്തുവന്ന ബകവധം, കല്യാണസൗഗന്ധികം, കിർമീരവധം, നിവാതകവചകാലകേയവധം എന്നിവയോടെയാണ് കഥകളിയും, ആട്ടക്കഥയും വ്യവസ്ഥപ്പെട്ടുന്നത്.



ഏതാണ്ടിതേ കാലത്താണ് വിഖ്യാതകവി ഉണ്ണായിവാര്യർ നളചരിതം ആട്ടക്കഥ രചിക്കുന്നത്.കഥകളിയെ പരിഷ്കരിക്കുന്നതിലും പുനരുജ്ജീവിപ്പിക്കുന്നതിലും കലാമണ്ഡലം സ്ഥാപിച്ച് ലോകമൊട്ടുക്കും കഥകളി പ്രചരിപ്പിക്കുന്നതിലും വള്ളത്തോളിന്റെ പങ്ക് നിസ്സീമമാണ്.

സാത്വിക കഥകൾക്കല്ല, അരങ്ങിനെ ആടിരസിപ്പിക്കാൻ പറ്റിയ കഥകൾക്കാണ് കഥകളിയിൽ സ്ഥാനം. പുരാണങ്ങളിലെ പ്രതിനായകരാണ് കഥകളിയിലെ മുഖ്യകഥാപാത്രങ്ങൾ. രാവണനും, ബാലിയും, ദുര്യോധനനും, കർണനുമെല്ലാം കഥകളിയിലെ അനശ്വര വേഷങ്ങൾ തന്നെ.

ABINASH.S

IX C

# ഞാൻ ഓർക്കുന്നു

അമ്മതൻ സ്നേഹശകാരവും,
ചേച്ചിതൻ സൗഹൃദവും,
അമ്മതൻ കുട്ടിക്കഥകളും,
ഞാൻ ഓർക്കുന്നു.



മാമ്പഴം പറിക്കാനായി
മാവിൽ കയറിയതും
മാവിൽ നിന്ന്
കാൽവഴുതി വീണതും
ഞാൻ ഓർക്കുന്നു.

പീടികയിൽ പോകുവാൻ കൂട്ടു
വിളിക്കുന്ന മുത്തച്ഛന്റെ സ്നേഹവും
കൽഭരണികളിലെ മധുരമൂറുന്ന
മിഠായികളുടെ രുചിയും
ഞാൻ ഓർക്കുന്നു.

EMMANUEL CHRISTY
IX D

# പട്ടണങ്ങളും സ്ഥാപകരും

| | | |
|---|---|---|
| ആഗ്ര | - | സിക്കന്തർ ലോധി |
| അജ്മീർ | - | അജയ് പാൽ ചൗഹാൻ |
| ജോധ്പൂർ | - | റാവു ജോധാ |
| ഹൈദ്രാബാദ് | - | ക്വലി കുത്തബ്ഷാ |
| ഡൽഹി | - | അനങ്കപാലൻ |
| ഫത്തേപൂർ സിക്രി | - | അക്ബർ |
| ഹിസാർ | - | ഫിറോസ്ഷാ തുഗ്ലക്ക് |
| മഹാബലിപുരം | - | വരസിംഹ വർമൻ |
| വിജയ നഗരം | - | ഹരിഹരൻ |
| കൽകട്ട | - | ജോബ് ചാർണോക്ക് |
| അലഹബാദ് | - | അക്ബർ |
| സിരി | - | അലാവുദ്ദീൻ ഖൽജി |

ABDUL WAFA

IX A

# മൂന്നാർ



വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മൂന്നാറുകളിൽ കഴിവു നേടുകയാണെന്ന് പറയാറുണ്ട്. Reading (വായിക്കുക), Writing(എഴുതുക) ,Arithmetic (ഗണിതം) എന്നിവയാണ് ആ മൂന്ന് ആറുകൾ. ഇവയിൽ R എന്ന് തുടങ്ങുന്നത് ഒരു വാക്ക് മാത്രം. കണക്കിൽ ഒരു സംഖ്യയാണ് ആറ് . ആറിന് പുഴ എന്നർഥമുണ്ട്. സ്ഥലത്തിന്റെ വിസ്തീർണത്തിനുള്ള ഒരു ഏകകം കൂടിയാണ് ആർ . മൂന്ന് ആർ ചേർന്ന മൂന്നാർ കേരളത്തിലെ ഒരു സ്ഥലം കൂടിയാണ് . ആർ എന്ന് ചോദിക്കുമ്പോൾ ആരാണ് എന്ന ചോദ്യമാണ് . അപ്പോൾ ആറിന് എത്ര വ്യത്യസ്ത അർഥങ്ങളാണുള്ളത്.

ഇനി കണക്കിലെ മൂന്ന് ആറുകൾ ഉപയോഗിച്ച് (മറ്റൊരു അക്കവും ഉപയോഗിക്കാതെ) 20-ന് തുല്യമായി എഴുതണം . ഗണിതത്തിൽ അംഗീകരിക്കപ്പെട്ട നിയമങ്ങൾ അഥവാ ചിഹ്നങ്ങൾ എല്ലാം ഉപയോഗിക്കാം . ശ്രമിച്ചു നോക്കൂ.......

ഉത്തരം:

6+6/0.6=12/0.6=120/6=20

ARUN SEBASTINE

IXD

# കാത്തിരിപ്പ്

കൊടിയ തമസ്സിന്റെ
നിബിഢവനഭുവി-
ലിടറി വീണും,പിടഞ്ഞും,
തിന്മതൻ വിളകൾ
കൊയ്തുകൂട്ടിയും,
കണ്ണീർകടലിൽ മുങ്ങിയും,
ദിശ മറന്നും,പകനിറഞ്ഞും,
തങ്ങളിൽ പടവെട്ടിയും,
ദുരിതനടുവിൽ
സ്വയമെരിഞ്ഞു
ശാപമാർന്ന നവജീവിതം.
കാലചക്രം തിരിയവേ പ്ര-
ത്യാശയാകെ മറഞ്ഞുപോയ്
നിത്യനൈരാശ്യ-
ശൈത്യമുറയുന്ന
മർത്യലോകം വിമൂകനായ്.........

ABDUL AHADH .K.H
IX C

# ചൂണ്ടക്കാരനും മത്സ്യവും

രാവിലെ മുതൽ ചൂണ്ടയുമായി പുഴവക്കത്തിരിക്കുകയായിരുന്ന ഒരു പാവം മനുഷ്യൻ. ആഹാരത്തിന് എന്തെങ്കിലും വകയുണ്ടാക്കണമെണമെന്നായിരുന്നു അയാളുടെ വിചാരം. പക്ഷെ, ചൂണ്ടയിൽ ഒരു മീൻപോലും വന്നു കൊത്തുന്നില്ല.

ഉച്ചയാകാറായപ്പോൾ ഒരു മത്സ്യം വന്ന് ചൂണ്ടയിൽ കുടുങ്ങി. ചൂണ്ടക്കാരൻ ഉടനെ തന്റെ ചൂണ്ട വെള്ളത്തിൽനിന്ന് മുകളിലോട്ട് വലിച്ചു. ചൂണ്ടയുടെ കൊളുത്തിൽ കുടുങ്ങിയ മത്സ്യത്തെ അയാൾ ഊരിയെടുത്തു. മത്സ്യം ഒന്നു പിടഞ്ഞു നോക്കി. അയാളുടെ കൈയിൽനിന്ന് അത് വീണ്ടും വെള്ളത്തിലേക്ക് ചാടാൻ ശ്രമിച്ചു. പക്ഷെ, ആ ഉദ്യമം വിജയിച്ചില്ല.



അപ്പോൾ മത്സ്യം സൗമ്യമായ സ്വരത്തിൽ പറഞ്ഞു "ചൂണ്ടക്കാരാ, ഞാൻ വളരെ ചെറിയ മത്സ്യമാണ്. ഇപ്പോൾ ഞാൻ അങ്ങയുടെ ഭക്ഷണത്തിനു മതിയാകില്ല. എന്നെ പുഴയിലേക്കു വിട്ടയ്ക്കൂ. ഞാൻ പുഴയുടെ ഈ ഭാഗത്തുതന്നെ ഉണ്ടാകും. കുറെക്കഴിഞ്ഞാൽ ഞാൻ വളർന്ന് വളരെ വലിയ മത്സ്യമാകും , അപ്പോൾ താങ്കൾക്കെന്നെ പിടിക്കാമല്ലോ". സൂത്രക്കാരനായ മത്സ്യത്തിന്റെ വാക്കുകൾ കേട്ടപ്പോൾ ചൂണ്ടക്കാരൻ പറഞ്ഞു. " അല്ലയോ മത്സ്യമേ നീ പറഞ്ഞത് നല്ല കാര്യംതന്നെ. പക്ഷ നിന്നെ ഞാൻ പുഴയിലേക്ക് വിട്ടാൽ എന്നെ പിടിക്കുന്നതൊന്ന് കാണട്ടെ എന്ന് നീ പറഞ്ഞ് രക്ഷപ്പെടില്ലെ". ഇപ്രകാരം പറഞ്ഞുകൊണ്ട് അയാൾ മത്സ്യത്തെ തന്റെ കൂടയിലാക്കി.

MOHAMMED SAHIL
IX A

# കടങ്കഥകൾ

1. അകം എല്ലം തോലും പുറം പൊന്തം പൊന്തം -വൈക്കോൽത്തുറു
2. ഒരമ്മ നേരം വെളുത്താൽ വീടിന്റ ചുറ്റും
മണ്ടി നടക്കും,പിന്നെച്ചെന്നൊരു മൂക്കിലിരിക്കും -ചൂല്
3. ആയിരം പരൽമീൻ നീന്തി വന്നപ്പോൾ
ആശാരിച്ചെക്കൻ തടഞ്ഞുനിർത്തി -അരിവാർക്കുന്നത്
4. ആയിരം പൊടിയരി, അതിലൊരു നെടിയരി -നക്ഷത്രങ്ങളും,ചന്ദ്രനും
5. ആരും കാണാതെ വരും
ആരും കാണാതെ പോകും -കാറ്റ്
6. കൈയിൽ വടി,വായിൽ മധുരം -കരിമ്പ്
7. കൊക്കിരിക്കും കുളം വറ്റി വറ്റി -നിലവിളക്ക്
8. ഇതിലൊന്ന് കൊണ്ടകം നിറഞ്ഞു -വിളക്ക്
9. കാലകറ്റിയാൽ വായ തുറക്കും -കത്രിക
10. കാലുപിടിക്കുന്നവന്റെ രക്ഷകൻ -കുട

MOHMMED RIFAS
II B

# അദ്ധ്യാപിക



തന്നിലെ അറിവ് മറ്റുള്ള-
വരിലേക്ക് പകർന്നും.
സ്നേഹവും, കരുതലും, തന്ന്
ഒരമ്മയായി കൂടെ ഉണ്ടായിരുന്ന.

അക്ഷരങ്ങളുടെമേൽ പിച്ചവച്ച്-
നടന്ന എന്നെ ഇത്രയും അറിവുള്ള-
വനാക്കിയ, മറ്റുള്ളവരുടെ ജീവിത-
ത്തിലേക്ക് പ്രകാശം കടത്തിവിട്ട.
എന്റെ അദ്ധ്യാപിക........



AL AMEEN
IX B

# നാം മാറേണ്ടിയിരിക്കുന്നു



ദൈവത്തിന്റെ സ്വന്തം നാട് എന്ന് നാം വിളിക്കുന്ന കേരളത്തിന്റെ അവസ്ഥ വളരെ ദയനീയമാണ് .അത് പരിസ്ഥിതിയുടെ കാര്യത്തിലായാലും മനുഷ്യത്വത്തിന്റെ കാര്യത്തിലായാലും സമാനമാണ്.പരിസ്ഥിതിയുടെ കാര്യത്തിലാണെങ്കിൽ ഇന്ന് കുന്നുകളും, മലകളും ഒന്നും നാം കാണുന്നത് വളരെ ചുരുക്കമാണ്. പിന്നെ നാം കാണുന്നത് ബ്രഹ്മപുരത്തെ മാലിന്യക്കൂമ്പാരം അതും പ്ലാസ്റ്റിക്ക് മലകൾ, അങ്ങനെ പ്രകൃതി നശിച്ചുതുടങ്ങിയിരിക്കുന്നു. മനുഷ്യത്വത്തിന്റെ



കാര്യത്തിലാണെങ്കിൽ ഇന്ന് നാം കേൾക്കുന്ന ഒരു വാർത്തയാണ് പീഡനം കൊലപാതകം തുടങ്ങിയവ. അതും പിഞ്ചുകുഞ്ഞു മുതൽ വൃദ്ധർവരെയാണ് ഇതിന് ഇരയാവുന്നത്.ഇതിനെല്ലാം ഒരുവനെ പ്രേരിപ്പിക്കുന്നത് അവന്റെ ജീവിതസാഹചര്യങ്ങളാണ്. മറ്റൊരുകാര്യം ആർഭാടം. പ്രശസ്ത ലേഖകനായ ശ്രീ എം. എൻ വിജയൻ പറഞ്ഞത് ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്. അപരനേക്കാൾ മികച്ചവനും,അവനേക്കാൾ ഉയർന്നവനാകണം എന്നാണ് ഓരോരുത്തരുടെയും മനസ്സിൽ. ഇതിനുവേണ്ടി ഏവനും എന്തും ചെയ്യുവാൻ തയ്യാറാണ്. ഈ അവസ്ഥ നമ്മെ നാം അല്ലാതെ മറ്റൊരുവനായി മാറ്റും. ആയതിനാൽ നാം ലളിത ജീവിതം നയിക്കണം. എന്നാൽ മാത്രമേ നമുക്ക് രക്ഷയുള്ളു അല്ലെങ്കിൽ ചുരുങ്ങിയ നാളുകൾ കൊണ്ട് കേരളം മികച്ച ഭ്രാന്താലയമായി മാറിയേക്കാം.

അങ്ങനെ പരിസ്ഥിതിയെ സ്നേഹിക്കാം, സംരക്ഷിക്കാം, ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താം, അങ്ങനെ നമുക്ക് ഈ കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടായി മാറ്റാം.

MOHAMMED SIDHAN-IX D

# അമ്മ



ആദ്യമായി ഞാനടൽ കൊണ്ടതും
ഭക്ഷണം നീരായി നുണഞ്ഞതും
കുഞ്ഞു പാട്ടുകൾ കേട്ടൊന്നുണർന്നതും
അമ്മ വയറ്റിൽ ചവിട്ടി കളിച്ചതും

വേദനയാലമ്മ കണ്ണുകൾ
ഒന്നിറുക്കി പിടിച്ചു പിടഞ്ഞതും
ഞാനോ ആദ്യമായി പൊട്ടിക്കരഞ്ഞതും
അമ്മ വേദനയാലെ ചിരിച്ചതും

കുഞ്ഞു കവിളിൽ തഴുകിയും
അമ്മ വാത്സല്യ മുത്തം വിതറിയും
അമ്മതൻ കാർക്കൂന്തലിൽ ഞാൻ വലിച്ചതും
ദേഷ്യമാ കണ്ണിൽ ഒന്നു മിന്നിയും



ഞാനോ കള്ള ചിരിയാലെ നോക്കിയതും
അമ്മ പിന്നേയും തഴുകി തലോടിയും
പതിനഞ്ചുകാരനായി ഇന്നു ഞാൻ
അമ്മ ഇന്നും പറയും നീ ഉണ്ണിയാ
എന്റെ താരം മുത്തായി പിറന്നതാ
എന്റെ ശ്വാസവും സ്നേഹവും നിനക്കിതാ


എന്തിനോ പോയി മറഞ്ഞുവോ
കണ്ണിൽപ്പെടാത്ത ദൂരത്ത് പോയിതോ
മേലെ താരകമായി തിളങ്ങിയീ എന്നെ
നോക്കി ചിരിച്ചതോ തോന്നലോ

SHAN MICHAEL
I B

# ENGLISH SECTION

# SOLOMON'S WISDOM

Long long ago there lived a king named Solomon. He was famous for his wisdom. The Queen of Sheba heard of his wisdom. She wanted to test it.



One day she paid him a visit. She brought two beautiful bouquets with her. They looked exactly alike. But only one of them was made of natural flowers. The other was made of artificial flowers. She wanted Solomon to say which one was made of natural flowers.

Solomon thought for some time. Then an idea came to him. He ordered the windows to be opened. Suddenly some bees entered the room.They sat on the natural flowers. Solomon's plan worked. The Queen returned satisfied.

LUMIER CHRISTAFER
IX A

# My Precious Gift



My Mother is the most precious gift that I have .Loving and caring a person she is. A beautiful person with all full of smiles. A kind hearted person who toils day and night, who teaches me to pray and love God and to love others, to respect the elders and to be kind to all. She teaches me good manners and to be tidy .

She help me in my studies and prepare good food. At bed time she tell me good stories about Jesus.

My mother wake me up in the morning and helps me to get ready for school. My mother, my sweet mother, the most precious gift in my life.

I love my mother very much and so you should love your mother.

ANTIVIN JUDE D'CRUZ
I A

# Eravikulam National Park

Eravikulam National Park is a 97Km. National Park located along Western Ghats in the Idukki district of Kerala in India. Situated between 10’05 North and 10’20 North and 77’0 and 77’10 east it is the first National Park in Kerala.



Eravikulam National Park is administrated by the Kerala Department of forest and wildlife, Munnar, wildlife, which also nearby Mathikettan shala National Park, pambadum shola National Park and Chinnar wildlife.The main body of the park consists of a high rolling hill platue with a base elevation of about 2,000 m. The terrain consists of high altitude grassland interspersed with shola. Anamudi, 2,695 meters, the highest peak in India south of the Himalayas is inside this park. Many perennial streams criss-cross the park. They merge to form tributaries of the periyar river in the west and of the cauvary river in the east. See Lakkom water falls is in this region. Prior to 1971, the area was managed as a game preserve by the Kanan Devan Hills Produce Company. The government of Kerala resumed control in 1971 (Kannan Devan Hill Produce (Resumption of lands) Act, 1971), and declared the Eravikulam-Rajamala Wildlife Sanctuary in 1975 to protect the habitat of the endangered Nilgiri tahr. It became a National Park in 1978.



ASHWIN GEORGE-IX D

# Protect The Nature



The earth is the most beautiful planet in the solar system. We are lucky to be here in this wonderful world. The river, hill, tree and various creature are gift from God. We have to enjoy their beauty and protect them from all dangers.

The plant give us food. They also give us fresh air. But we can cut them down .How cruel man is ! Man should stop destroying forest. Otherwise, life on the earth will came to an end. Destruction of forest creates many problems. The atmosphere gets hotter and hotter. The animals lose their home.

The ocean are also polluted by man. As a result, many water animals are destroyed The chemicals from the factories pollute the river and oceans most. It is time for us to get into serious action. If we don't , the generations to come will simply die out.

Plastic has became a threat to nature. Plastic remains in the soil for many year. It lead to the pollution of soil for many years. It leads to the air pollution. So, the best option before us is to reduce the use of plastic.



Today, let us take a firm decision to protect the nature. The nature is one of the most beautiful creations of God. It is our responsibility to protect it. We should keep it safe and beautiful for the generations to come. So, let us work hard for clean and green world.

MAGNEL OLIVERO

IX B

# നന്ദിയോടെ......

ദ്യുതിയുടെ പൂർണത വിശ്വത്തിന് ദീപമയം

കാലിടറാതെ, പതറാതെ

മുന്നോട്ടുള്ള യാത്രയ്ക്ക് പ്രചോദനം.....

പ്രതിബന്ധങ്ങളെ അതിജീവിച്ച മുന്നേറാൻ സഹായിച്ചവർ....

നൊമ്പരത്തിന്റേയും ചാരിതാർഥ്യത്തിന്റേയും സമ്മിശ്ര വികാര

പടവിൽ നിൽക്കുമ്പോൾ താങ്ങും തണലുമായവർ നിരവധി...

കൂട്ടായ്മയുടെ വിജയമാണ് ദ്യുതി

ഏവർക്കും നന്ദി.......

നന്ദി മാത്രം.